## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5187 02.07.2013 -ൽ മറുപടിക്ക്

**കാസർഗോഡ് ജില്ലയിൽ കെ.എസ്.ആർ.ടി.സി ജീവനക്കാരെ ആക്രമിച്ചതിനെതിരെ സ്വീകരിച്ച നടപടി**

ചോദ്യം

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ):

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിൽ കെ.എസ്. ആർ.ടി.സി. ജീവനക്കാരെ ഡ്യൂട്ടി സമയത്ത് ആക്രമിച്ച് പരിക്കേൽപ്പിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | കാസർഗോഡ് ജില്ലയിൽ കെ.എസ്. ആർ.ടി.സി. ജീവനക്കാരെ ഡ്യൂട്ടി സമയത്ത് ആക്രമിച്ച് പരിക്കേൽപ്പിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഇത്തരത്തിൽ എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ; | (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഇത്തരത്തിൽ 22 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.<br>വിശദാംശങ്ങൾ:<br>1. 18.10.2011 തീയതി RNC 180ം നമ്പർ ബസ്സ് കാസർഗോഡ് - കാഞ്ഞങ്ങാട് സർവ്വീസ് നടത്തുമ്പോൾ മേൽപ്പറമ്പ് എന്ന സ്ഥലത്ത് വച്ച് ഡ്രൈവറായ ബാബു കൊളങ്ങടയെ ബൈക്കിൽ വന്ന രണ്ട് പേർ ആക്രമിച്ചു. ആക്രമണവുമായി ബന്ധപ്പെട്ട് കാസർഗോഡ് പോലീസ് സ്റ്റേഷനിൽ മുഹമ്മദ് ഹനീഫ് എന്ന ആളുടെ പേരിൽ എഫ്.ഐ.ആർ നമ്പർ 967/11 തീയതി 18.10.2011 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>2. 31.10.2011 തീയതി കണ്ണൂർ ഡിപ്പോയുടെ വണ്ടി നമ്പർ RNC 222 കണ്ണൂർ - കാസർഗോഡ് സർവ്വീസ് നടത്തുമ്പോൾ പൊയിനാച്ചി എന്ന സ്ഥലത്ത് വെച്ച് ബൈക്ക് യാത്രക്കാരൻ ഡ്രൈവറായ കെ.സജീവനെ ആക്രമിച്ചു. ആക്രമണവു |

| | | | |
|---|---|---|---|
| | | | മായി ബന്ധപ്പെട്ട് ബേക്കൽ പോലീസ് സ്റ്റേഷനില് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>3. 03.11.2011 തീയതി 06.10 കാസർഗോഡ് സർവ്വീസ് പോയ TP-408 ബസ്സുമായി കാസർഗോഡ് - കമ്പാർ സർവ്വീസ് നടത്തവെ ഡ്രൈവർ എ.മുത്തുമണിയെ ഓട്ടോയിൽ വന്ന മൂന്ന് പേർ ആക്രമിച്ചു. സംഭവം സംബന്ധിച്ച് കാസർഗോഡ് പോലീസ് FIR No. 1034/11 തീയതി 05.11.2011 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>4. 30.09.2011 തീയതി ബസ് നമ്പർ RNK-306 കാസർഗോഡ് - കോഴിക്കോട് എയർപോർട്ട് സർവ്വീസ് പോകവെ കാറിൽ വന്ന അക്രമികൾ ഡ്രൈവർ പി. കെ. വിജയകുമാറിനെ ആക്രമിച്ചു. ആക്രമണവുമായി ബന്ധപ്പെട്ട് കാഞ്ഞങ്ങാട് പോലീസ് FIR No. 1016/11 തീയതി 01.10.2011 പ്രകാരം പ്രതികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>5. 08.08.2011 തീയതി RRE-601 പയ്യന്നൂർ ഡിപ്പോയിലെ ബസുമായി പയ്യന്നൂർ - മംഗലാപുരം സർവ്വീസ് നടത്തവെ ഡ്രൈവർ ശ്രീ. അബ്ദുൾ ലത്തീഫിനെ കാറിൽ വന്ന ഒരാൾ ആക്രമിച്ച് പരിക്കേൽപ്പിച്ചു. ഖാലിദ് എന്നയാളുടെ പേരിൽ കുമ്പള പോലീസ് FIR No. 490/11 തീയതി 08.08.2011 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>6. 19.12.2011 തീയതി പയ്യന്നൂർ ഡിപ്പോയുടെ RAK-991 ബസ്സ് സർവ്വീസ് നടത്തുമ്പോൾ തെക്കിൽ പാലത്തിനടുത്ത് വെച്ച് മാരുതി കാറിൽ വന്ന രണ്ട് മൂന്ന് പേർ ഡ്രൈവർ പി.കെ. അബ്ദുൾ റഹിമാനെ കൈയ്യേറ്റം ചെയ്തു. മേൽ ആക്രമണവുമായി ബന്ധപ്പെട്ട് വിദ്യാനഗർ പോലീസ് FIR No. |

| | | | |
|---|---|---|---|
| | | | 617/2011 തീയതി 20.12.2011 പ്രകാരം KL–60–C–685 കാർ ഡ്രൈവറുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>7. 03.07.2011 തീയതി കാഞ്ഞങ്ങാട് - മംഗലാപുരം സർവ്വീസ് നടത്തുമ്പോൾ ചെമ്മനാട് വെച്ച് മോട്ടോർ സൈക്കിളിലും രണ്ട് കാറുകളിലുമായി വന്ന ആളുകൾ കണ്ടക്ടർ ഇ. ആനന്ദയെ കൈയ്യേറ്റം ചെയ്തു. 4 പേരുടെ പേരിൽ കാസർഗോഡ് പോലീസ് FIR No. 602/11-DTD: 04.07.2011 പ്രകാരം കേസ് രജിസ്റ്റർ ചെയ്തു.<br>8. 28.05.2011 തീയതി 07.55 കാസർഗോഡ്-മംഗലാപുരം സർവ്വീസിനിടയിൽ തൊക്കോട്ട് വെച്ച് ഡ്രൈവർ കെ. സുരേഷിനെ KA-19-Y-6089 മോട്ടോർ സൈക്കിളിൽ വന്ന യാത്രക്കാർ മർദ്ദിച്ചു. ഉള്ളാൽ പോലീസ് FIR No. 0171/11 തീയതി 28.05.2011 പ്രകാരം ബൈക്ക് യാത്രക്കാരുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>9. 01.10.2011 ന് 07.25 മംഗലാപുരം സർവ്വീസ് പോയ ഡ്രൈവർ എ.വി. ജേക്കബിനെ KL-14-H-3355 കാറിൽ വന്ന രണ്ടു പേർ കൈയ്യേറ്റം ചെയ്തു. മേൽ സംഭവുമായി ബന്ധപ്പെട്ട് മഞ്ചേശ്വരം പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>10. 22.03.2012 തീയതി 06.50 കാസർഗോഡ്-മംഗലാപുരം സർവ്വീസ് പോയ RAC-35 ബസ്സ് കണ്ടക്ടറായ റ്റി. ലക്ഷ്മണനെ മാട എന്ന സ്ഥലത്ത് വെച്ച് KL-14-K-6430 കാറിൽ വന്നവർ ബസ് തടഞ്ഞു നിർത്തി മർദ്ദിക്കുകയുണ്ടായി. മഞ്ചേശ്വരം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>11. 17.03.2012 തീയതി രാത്രി 22.30 മണിക്ക് |

| | | | | |
|---|---|---|---|---|
| | | | | ഡ്യൂട്ടിയിലുണ്ടായിരുന്ന ഗാർഡ് റ്റി. പ്രകാശൻ, റ്റി. വേണു ഗോപാലൻ എന്നിവരെ ബി.എം.എസ് അനുകൂലികൾ കൊടിമരം, സ്റ്റിക്കർ എന്നിവ പതിക്കുന്ന വിഷയത്തെ ചൊല്ലി വഴക്കുണ്ടാക്കുകയും റ്റി. വേണു ഗോപാലൻ എന്ന ഗാർഡിനെ മർദ്ദിക്കുകയും ചെയ്തു. രേഖാമൂലം പരാതി കാസർഗോഡ് പോലീസ് സ്റ്റേഷനിൽ കൊടുക്കുകയും കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാകുന്നു.<br>12. 27.05.2012 തീയതി 06.40 കല്ലുവളപ്പിൽ സർവ്വീസ് പോയ ബസ് നമ്പർ TS-23 ഡ്രൈവറായ കെ.വി. ബാലകൃഷ്ണനെ മഡിയൻ റോഡിൽ വെച്ച് KL-60-D-7479 നമ്പർ കാറിൽ വന്നവർ കൈയ്യേറ്റം ചെയ്തു. ഹൊസ്ദുർഗ്ഗ് പോലീസ് FIR No. 492/12 തീയതി 27.05.2012 പ്രകാരം 3 പേരുടെ പേരിൽ കേസ് രജിസ്റ്റർ ചെതിട്ടുണ്ട്.<br>13. 13.11.2012 തീയതി 12.40 കാസർഗോഡ് - വെള്ളരിക്കുണ്ട് സർവ്വീസ് പോയ TS-878 ബസ്സിന്റെ ഡ്രൈവറായ ശ്രീ. എബ്രഹാം സ്കറിയയെ KL-60-C-8939 കാറിലെ 4 പേർ ആക്രമിച്ചു. സംഭവം സംബന്ധിച്ച് അമ്പലത്തറ പോലീസ് FIR No. 385/12 തീയതി 13.11.2012 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. Special disability leave ആയി 14 ദിവസം അനുവദിച്ചിട്ടുണ്ട്.<br>14. 07.06.2012 തീയതി 12.15 കാസർഗോഡ് – മംഗലാപുരം സർവ്വീസ് പോയ RRC-498 ബസ്സിന്റെ കണ്ടക്ടറായ കെ.മുകേഷിനെ മഞ്ചേശ്വരം മാട എന്ന സ്ഥലത്ത് വെച്ച് കൈയ്യേറ്റം ചെയ്തിട്ടുണ്ട്. സംഭവം സംബന്ധിച്ച് മഞ്ചേശ്വരം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്.<br>15. 27.11.2012 തീയതി കണ്ണൂർ ഡിപ്പോയുടെ RRE-598 ബസ്സുമായി കാസർഗോഡ് - കണ്ണൂർ സർവ്വീസ് നടത്തുമ്പോൾ ചെങ്കള വില്ലേജ് ഓഫീസിനടുത്ത് വെച്ച് ബസ്സ് തടഞ്ഞു നിർത്തി KL-14-H-7471 കാറിൽ വന്നയാൾ ഡ്രൈവറായ പി.വി. സുജിത്തിനെ മർദ്ദിക്കുകയും ആയുധം ഉപയോഗിച്ച് കുത്തി മുറിവേൽപ്പിക്കുകയും ചെയ്തു. മേൽ സംഭവുമായി ബന്ധപ്പെട്ട് വിദ്യാനഗർ പോലീസ് സ്റ്റേഷനിൽ FIR No. 744/12 തീയതി 27.11.2012 പ്രകാരം അബ്ദുൾ ഖാദർ പി.എം എന്നയാളുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>16. 06.12.2012, 10.10 മംഗലാപുരം - പാണത്തൂർ സർവ്വീസിന്റെ കാസർഗോഡ് - കാഞ്ഞങ്ങാട് ട്രിപ്പിൽ RAC-36 ബസ്സിന് മുണ്ടാങ്കലത്ത് വെച്ച് ബൈക്കിൽ വന്ന രണ്ട് പേർ കല്ലെറിയുകയും ഡ്രൈവർ വിൽസൺ മാത്യുവിന് പരിക്ക് പറ്റുകയും ചെയ്തു. സംഭവം സംബന്ധിച്ച് കാസർഗോഡ് ടൗൺ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>17. 05.12.2012 തീയതി 05.50 മുള്ളേരിയ സർവ്വീസ് പോയ RRC-289 ബസ്സിനെ ചളിയെകോട് വെച്ച് അക്രമികൾ കല്ലെറിയുകയും ഡ്രൈവർ കെ. അജയന് പരിക്ക് പറ്റുകയും ചെയ്തു. സംഭവം സംബന്ധിച്ച് കാസർഗോഡ് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>18. 20.12.2012 തീയതി RAC 292 നമ്പർ ബസ്സുമായി കാസർഗോഡ് - സുള്ള്യ സർവ്വീസ് നടത്തവേ കാസർഗോഡ് ചെർക്കുള റൂട്ടിൽ നാലാം മൈലിൽ വെച്ച് KL-14-H-2730 നമ്പർ കാർ ബസിന് |

| | | | |
|---|---|---|---|
| | | | മുമ്പിൽ വിലങ്ങനെ നിർത്തുകയും കാറിൽ ഉണ്ടായിരുന്നവർ ഇറങ്ങി വന്ന് ഡ്രൈവർ കുഞ്ഞണ്ണറൈയെയും കണ്ടക്ടർ അനീഷ് കുര്യനെയും മർദ്ദിക്കുകയും ചെയ്തു. സംഭവം സംബന്ധിച്ച് വിദ്യാനഗർ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.<br>19. 04.01.2013 RT 61-ാം നമ്പർ കാഞ്ഞങ്ങാട്-ബന്തടുക്ക സർവ്വീസ് നടത്തവേ, പൊയിനാച്ചി എന്ന സ്ഥലത്ത് വെച്ച് കോർപ്പറേഷൻ ഡ്രൈവറായ ശ്രീ. ടി.കെ. രാജനെ ആക്രമിച്ച സംഭവമുണ്ടായിട്ടുണ്ട്. പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് Bedakam Police Cr.No. 08/2013 u/s 332 വകുപ്പ് പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.<br>20. 16.01.2013 ന് ബസ്സ് നമ്പർ RNE 27 മായി കാസർഗോഡ്-പുത്തൂർ സർവ്വീസ് നടത്തി വരവേ കോർപ്പറേഷൻ ഡ്രൈവറായ ശ്രീ. കെ.പി. ശെൽവ രാജനെ ബൈക്കിൽ വന്ന രണ്ട് യാത്രക്കാർ ചെർക്കള ബസ് സ്റ്റാന്റിൽ വെച്ച് ആക്രമിക്കുകയും വിദ്യാനഗർ പോലീസ് Cr.No. 37/2013 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.<br>21. 18.05.2013 ന് RAC 382 ബസ്സുമായി കാസർഗോഡ്-സുള്ള്യ സർവ്വീസ് നടത്തി വരവേ BC Road ബസ്സ് സ്റ്റോപ്പിൽ വെച്ച് 3 യാത്രക്കാർ ഡ്രൈവറായ ശ്രീ. പി. റംസാനെ മർദ്ദിക്കുകയും വിദ്യാനഗർ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നതുമാണ്.<br>22. 12.06.2013 തീയതി RNM 636 നമ്പർ ബസ്സുമായി കാസർഗോഡ് - മംഗലാപുരം സർവ്വീസ് നടത്തവേ ഉപ്പള ബസ് |

| | | | |
|---|---|---|---|
| | | | സ്റ്റാന്റിൽ വെച്ച് സ്റ്റാന്റിൽ ഉണ്ടായിരുന്ന ഒരാൾ കോർപ്പറേഷൻ ഡ്രൈവറായ എൻ.കെ ഉദയകുമാറിനെ മർദ്ദിക്കുകയും മഞ്ചേശ്വരം പോലീസ് കേസ് നമ്പർ 384/13 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. |
| (സി) | ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഈ കേസുകൾ ആരാണ് നടത്തുന്നതെന്നും അറിയിക്കാമോ; | (സി) | 22 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ അന്വേഷണം നടത്തിവരുന്നതുമാണ്. |
| (ഡി) | കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട് വകുപ്പ് എന്ത് സഹായമാണ് ജീവനക്കാർക്ക് നൽകുന്നതെന്ന് അറിയിക്കാമോ ; | (ഡി) | ആവശ്യമായ പരാതികൾ കൊടുക്കുകയും പോലീസിന്റെ ഭാഗത്തുനിന്നും എന്തു നടപടിയാണ് കൈകൊണ്ടിട്ടുള്ളത് എന്നുള്ളതിനെപറ്റി ആരായുകയും ആവശ്യമായ തുടർനടപടി എടുത്തുവരികയുമാണ്. ഇത്തരം കേസുകൾ കോടതിയിൽ നടത്തുന്നതിന് പ്രതി ചേർക്കപ്പെടുന്ന ജീവനക്കാർക്ക് ധനസഹായവും പ്രത്യേക അവധിയും അനുവദിക്കുന്നുണ്ട്. കോർപ്പറേഷൻ വാദി ഭാഗത്തുള്ള കേസ്സുകളിൽ ജീവനക്കാർക്ക് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. |
| (ഇ) | കാസർഗോഡ് ജില്ലയിൽ ഇത്തരം സംഭവങ്ങൾ കൂടുതലാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ